# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4011 31/01/2014-ൽ മറുപടിക്ക്

## കോതമംഗലം കണ്ടൻപറമ്പിലെ ആദിവാസികളുടെ പുനരധിവാസം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റ്റി.യു. കുരുവിള : | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | വന്യമൃഗങ്ങളുടെ ശല്യം നിമിത്തം കോതമംഗലം നിയോജക മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ കണ്ടൻപാറയിൽ നിന്നും വാരിയം കുടിയിൽ വന്ന് കുടിൽ കെട്ടി താമസിക്കുന്ന ആദിവാസികളുടെ പുനരധിവാസം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ ; | എ | കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ഉറിയംപെട്ടി, വാരിയം കുടികളിലുള്ള 218 കുടുംബങ്ങളുടെ കൈവശമുള്ള 939 ഏക്കർ ഭൂമി വനം വകുപ്പിന് നൽകി പകരം വനം വകുപ്പിന്റെ ഉരുളൻതണ്ണിയിലെ 545 ഏക്കർ സ്ഥലത്ത് പുനരധിവസിപ്പിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. വനം വകുപ്പിന്റെ ടി ഭൂമി നെറ്റ് പ്രസന്റ് വാല്യൂ, കോസ്റ്റ് ഓഫ് കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ എന്നിവ ഒഴിവാക്കി വിട്ടുകിട്ടുന്നതിനായി കേന്ദ്ര വനം, പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ബി | ഇവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടര വർഷത്തിനിടയിൽ എത്ര പ്രാവശ്യം മന്ത്രിതല ചർച്ച നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; | ബി | ഇവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ടര വർഷത്തിനിടയിൽ 7 തവണ മന്ത്രിതല ചർച്ച നടത്തിയിട്ടുണ്ട്. 18.04.2012, 19.09.2012 എന്നീ തീയതികളിൽ ബഹു. വനം, പട്ടികവർഗ്ഗ യുവജന ക്ഷേമവകുപ്പ് മന്ത്രിമാരുടെയും, 26.06.2012, 17.12.2012, 28.05.2013, 07.11.2013, 21.01.2014 എന്നീ തീയതികളിൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗം ചേർന്നിട്ടുണ്ട്. |
| സി | ഈ യോഗങ്ങളിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | സി | വാരിയം, ഉറിയംപെട്ടി സങ്കേതങ്ങളിലെ 218 പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസത്തിനായി വനം വകുപ്പ് വിട്ടുതരുന്ന 545 ഏക്കർ ഭൂമിയ്ക്ക് നെറ്റ് പ്രസന്റ് വാല്യൂ, കോസ്റ്റ് ഓഫ് കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ എന്നിവ അടയ്ക്കുന്നത് ഒഴിവാക്കി കാബിനറ്റ് തീരുമാനപ്രകാരം പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ടി ഭൂമി ലഭ്യമാക്കുന്നതിന് 07.11.2013 ന് ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ടി 218 കുടുംബങ്ങൾക്ക് താല്ക്കാലിക കുടിൽ കെട്ടി താമസിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | 10,000/- രൂപ വീതം പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്നതിനും കേന്ദ്ര വനം പരിസ്ഥിതി വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് 218 പട്ടികവർഗ്ഗ കുടുംബങ്ങൾക്കും 2 ഏക്കർ വീതം ഭൂമിയും ശേഷിച്ച ഭൂമി, പൊതു ആവശ്യത്തിന് കഴിച്ച് ബാക്കിയുള്ളത് നിലവിൽ കൈവശമുള്ള ഭൂമിയുടെ വിസ്തൃതിക്കാനുപാതികമായി അവർക്ക് വിതരണം ചെയ്യുവാനും പുനരധിവാസത്തിനുള്ള ഭൂമി ലഭ്യമായാൽ ഭവന നിർമ്മാണം, സുസ്ഥിര വരുമാനത്തിനുള്ള പദ്ധതി എന്നിവ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പാക്കുന്നതിനും 21.01.2014 ലെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |
| ഡി | ഇവരുടെ പുനരധിവാസം പൂർത്തീകരിക്കുന്നതിന് എന്തെല്ലാം സത്വര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | ഡി | 07.11.2013 ലെ തീരുമാനപ്രകാരം നെറ്റ് പ്രസന്റ് വാല്യൂ, കോസ്റ്റ് ഓഫ് കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ എന്നിവ ഒഴിവാക്കി വനം വകുപ്പ് വക സ്ഥലം പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിന് കൈമാറുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. 21.01.2014 ലെ യോഗതീരുമാനപ്രകാരം ടി 218 കുടുംബങ്ങൾക്ക് താല്ക്കാലിക കുടിൽ കെട്ടി താമസിക്കുന്നതിന് 10,000/- രൂപ വീതം പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും നൽകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**